# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1276 — 06.02.2020-ൽ മറുപടിക്ക്

## ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വെൽഫയർ സ്കൂൾ

| ചോദ്യം<br>ശ്രീ. പി.ടി.എ. റഹീം | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാത്തമംഗലം ഗ്രാമപഞ്ചായത്ത് വില കൊടുത്തിരുന്നതും ഇപ്പോൾ പ്രവർത്തിക്കാത്തതുമായ വെൽഫയർ സ്കൂളിലെ രജിസ്റ്ററും ഫർണിച്ചറുകളും പാത്രങ്ങളും അടുത്തുള്ള ഏതെങ്കിലും സ്കൂളിലേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ട് വിദ്യാഭ്യാസ ഓഫീസർക്ക് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ടോ; | (എ) ചാത്തമംഗലം ഗവണ്മെന്റ് വെൽഫയർ എൽ.പി. സ്കൂൾ ചാത്തമംഗലം ഗ്രാമപഞ്ചായത്തിന് വിലയ്ക്ക് നൽകിയിട്ടില്ല. ഇപ്പോഴും വിദ്യാഭ്യാസ വകുപ്പിന്റേതാണ്. സ്കൂളിലെ ജംഗമ വസ്തുക്കളും അനുബന്ധ രേഖകളും സ്കൂളിൽ തന്നെ സൂക്ഷിച്ചു വരുന്നു. ആയത് മറ്റ് സ്ഥലത്തേക്ക് മാറ്റുന്നതിന് യാതൊരു കത്തുകളും ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടില്ല. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളിന്റെ സ്ഥലത്തിന്മേലുള്ള അധികാരം വിദ്യാഭ്യാസ വകുപ്പിനാണ്. |
| (ബി) പൂട്ടിപ്പോയ സ്കൂളിലെ അഡ്മിഷൻ രജിസ്റ്റർ പകർപ്പ് ലഭിക്കുന്നതിന് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സ്കൂളിൽ കുട്ടികൾ ഇല്ലാത്തതിന്റെ പേരിൽ നിലവിൽ അടച്ചിട്ടിരിക്കുകയാണ്. അതിനാൽ പ്രസ്തുത സ്കൂൾ രേഖകൾ സൂക്ഷിക്കുന്നതിന് കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് ലഭിക്കുന്നതിന് കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. |
| (സി) സ്കൂൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ച സാഹചര്യത്തിൽ സാധനങ്ങൾ മറ്റിടങ്ങളിലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (സി) ഇപ്പോൾ പ്രസ്തുത സ്കൂളിന്റെ ഒരു കെട്ടിടത്തിൽ ഗവണ്മെന്റ് ഐ.ടി.ഐ. ഒരു വർഷത്തേക്ക് പ്രവർത്തിക്കുവാൻ താത്ക്കാലികമായി അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഐ.ടി.ഐ. തുടർന്നും പ്രവർത്തിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഗ്രാമപഞ്ചായത്തിന് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധ്യമല്ല. പൂട്ടിപ്പോയ സ്കൂൾ സ്വത്തിന്റെ അധികാരി വിദ്യാഭ്യാസ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ